# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1550

## 04-10-2016 ലെ മറുപടിക്ക്

## കിഫ്ബി

| ചോദ്യം<br>ശ്രീ. എ.എൻ. ഷംസീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) അടിസ്ഥാന പശ്ചാത്തല മേഖലാ വികസനത്തിനായി രൂപീകരിച്ച കിഫ്ബി 31-08-2016 ൽ എത്ര തുക സ്വരൂപിച്ചു;<br><br>(ബി) എതൊക്കെ മേഖലകളിൽ നിന്നാണ് ഈ തുക സ്വരൂപിച്ചതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി *5475-00-800-92 (പ്ലാൻ)* ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2000 കോടിയിൽ അവശേഷിച്ച 873.85 കോടി രൂപ, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം 10% മോട്ടോർ വാഹന നികുതി, പെട്രോളിൻമേലുള്ള സെസ് എന്നിവ കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനു പുറമെ, സെബിയും ആർബിഐയും അംഗീകരിച്ചിട്ടുള്ള നൂതന |

| | |
|---|---|
| | ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബിയെ സജ്ജമാക്കുന്നതോടൊപ്പം ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ / സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു. |
| **(സി)** കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിലവിൽ ഏതെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ? | 08-08-2016 ലെ സ.ഉ (കൈ) നം.315/2016/ധന ഉത്തരവ് വഴി പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം<br>1) വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ഭരണവകുപ്പിന്റെ അനുമതിയും മന്ത്രിസഭയുടെ അംഗീകാരവും അനിവാര്യമാണ്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പ് തുക വരുന്ന പദ്ധതികളാക്കിയും |

| | |
|---|---|
| | പരിഗണിക്കുന്നതാണ്. 2) പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വികളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്. 3) എസ്.പി.വികൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വികളുടെ ചുമതലയാണ്. ഇത് നടപ്പാക്കുന്നതിന് എസ്.പി.വികൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം |

| | |
|---|---|
| | ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്റ്റ് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.<br><br>4) ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്.<br><br>ടി മാർഗ്ഗനിർദ്ദേശങ്ങൾക്ക പുറമെ, പ്രോജക്റ്റ് നിർവ്വഹണ ചെലവുകൾ അപ്പപ്പോൾ നേരിട്ട് സപ്ലൈയർ, കോൺട്രാക്റ്റർ, സേവന ദാതാവ് മുതലായവർക്ക് അവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്റ്റ് ബെനഫിറ്റ് സംവിധാനവും കിഫ്ബിയിൽ ഏർപ്പെടുത്താൻ ആലോചനയുണ്ട്. പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കാനും സൂക്ഷ്മമായി നിരീക്ഷിക്കാനും |

| | |
|---|---|
| | ആവശ്യമായ പരിശോധന സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഈ നടപടികളിലൂടെ ഫണ്ട് വിനിയോഗം നിർബാധമാവുകയും പദ്ധതി നടത്തിപ്പ് സുഗമമായും സമയബന്ധിതമായും പൂർത്തീകരിക്കാനാവുകയും ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**